E 1561 (Pages : 3) Reg. No..................................

Name......................................

# B.A. DEGREE (C.B.C.S.S.) EXAMINATION, MARCH 2015

## Sixth Semester

B.A. Malayalam (Model I and Model II)

Core Course—പ്രാചീന മലയാളം—പദ്യവും ഗദ്യവും

Time : Three Hours Maximum Weight : 25

എ വിഭാഗത്തിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. ബി വിഭാഗത്തിൽനിന്ന് ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരമെഴുതണം. സി വിഭാഗത്തിൽനിന്ന് ഏതെങ്കിലും നാല് ചോദ്യങ്ങൾക്കും ഡി വിഭാഗത്തിൽ നിന്ന് **രണ്ട്** ചോദ്യങ്ങൾക്കും ഉത്തരമെഴുതണം.

### എ വിഭാഗം

I. ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക :

1 "കൈതവമേതുമില്ലാതെ വീരൻ കപികുലത്തരചർക്കു മരചൻ"—ആരാണീ വീരൻ ?

(a) ഹനുമാൻ. (b) സുഗ്രീവൻ.

(c) ലക്ഷ്മണൻ. (d) രാമൻ.

2 "ആരേയുള്ളർ സകല ഗുണങ്ങളുമുടയവർ" എന്ന് വാത്മീകി ചോദിച്ചതാരോടാണ് ?

(a) നാരദനോട്. (b) ദേവേന്ദ്രനോട്.

(c) വിഭണ്ഡക മുനിയോട്. (d) വ്യാസനോട്.

3 'മുണ്ടയ്ക്കൽ സന്ദേശം ഒരു മുഴുത്ത ചിരി' എന്ന ലേഖനമെഴുതിയതാര് ?

(a) മുണ്ടശ്ശേരി. (b) കുട്ടികൃഷ്ണമാരാർ.

(c) എം.പി. പോൾ. (d) ഗോപിനാഥപിള്ള.

4 "വീരർതൻ മണിവിളക്കേ, മെന്മൊഴിയാളെക്കാണ്മാൻ
ആരെനക്കുതകുവോരെൻെറകമഴൻറുഴൻറ നേരം"

—ആരാണ് വഴി കാണിച്ചത് ?

(a) ഹനുമാൻ. (b) ബാലി.

(c) സുഗ്രീവൻ. (d) മാരുതദേവൻ.

II. ഒരു വാക്കിലോ, വാക്യത്തിലോ ഉത്തരമെഴുതുക :

5 ലീലാതിലകത്തിൽ എത്ര ശില്പങ്ങളാണുള്ളത് ?

6 ഉണ്ണുനീലി സന്ദേശത്തിലെ സന്ദേശഹരനാരാണ് ?

7 ദൂതവാക്യത്തിലെ പ്രതിപാദ്യമെന്ത് ?

8 രാമചരിത കർത്താവാര് ?

Turn over

III. ചേരുംപടി ചേർക്കുക :

9 ഭഗവദ്ഗീത — ഇളംകുളം കുഞ്ഞൻപിള്ള.

10 കേരളഭാഷയുടെ വികാസ പരിണാമങ്ങൾ — ഡോ. എൻ.ആർ. ഗോപിനാഥപിള്ള.

11 മധ്യകാല മലയാളം — ഡോ. പി.വി. വേലായുധൻ പിള്ള.

12 രാമചരിതവും പ്രാചീന മലയാളവും — മാധവപ്പണിക്കർ.

IV. വിട്ടുപോയ ഭാഗം പൂരിപ്പിക്കുക :

13 പാട്ടുസാഹിത്യത്തിൻെറ സകല ഗുണങ്ങളും തികഞ്ഞ കൃതിയാണ് ————.

14 രാമായണത്തിലെ ———— കാണ്ഡമാണ് രാമചരിതത്തിലെ വിഷയം.

15 തിരുവനന്തപുരം പട്ടണത്തെ വർണ്ണിക്കുന്ന ഒരു കാവ്യമാണ് ————.

16 വള്ളുവനാട്ടു ചോകിരം ഗ്രാമത്തിൽ പൊയിലത്ത് ഉണ്ണിയപ്പിള്ളയുടെ മകളാണ് ————.

(4 × 1 = 4)

## ബി വിഭാഗം

ഏതെങ്കിലും **അഞ്ചെണ്ണത്തിന്** അമ്പതു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

17 നിരണം കവികളെക്കുറിച്ച് ചുരുക്കി വിവരിക്കുക.

18 ലീലാതിലകത്തിൽ സംസ്കൃതരൂപം എന്നതിന് നല്കുന്ന വിശദീകരണമെന്ത് ?

19 ഉണ്ണിച്ചിരുതേവീ ചരിതത്തിലെ ഗദ്യത്തിൻെറ പ്രത്യേകതകളെന്ത് ?

20 ദേവീമാഹാത്മ്യത്തിലെ ഭാഷയുടെ പ്രത്യേകതയെന്ത് ?

21 വർണ്ണനയിലും അലങ്കാര പ്രയോഗത്തിലും ഉണ്ണുനീലി സന്ദേശകാരനുള്ള സാമർത്ഥ്യം വ്യക്തമാക്കുക.

22 'അധമ മണിപ്രവാളം' എന്തെന്ന് വിശദീകരിക്കുക.

23 അനന്തപുരവർണ്ണനത്തിൻെറ സവിശേഷതകളെന്ത് ?

24 ശാസന ഭാഷകളുടെ പ്രത്യേകതയെന്ത് ?

(5 × 1 = 5)

## സി വിഭാഗം

ഏതെങ്കിലും **നാലെണ്ണത്തിന്** നൂറു വാക്കിൽ കവിയാതെ ഉത്തരമെഴുതുക.

25 "പെയ്തന കണ്ണുനീരോടു കൂടപ്പേപ്പെടുന്ന-
രചനെത്തൊഴുതണൈന്തു
കൈതവമേതുമില്ലാതെ വീരൻ കവികുല-
ത്തരചർക്കുമരചൻ ചൊന്നാൻ"

—ചൊന്നതെന്ത് ?

26 “കല്ലാതവർ പിഴചൊന്നതു കൊണ്ടൊരു
കാര്യവിരോധമിതിന്നിനി വാരാ”
—സന്ദർഭമെഴുതി, ആശയം വ്യക്തമാക്കുക.

27 “കോകശ്രേണീ വിരഹനിഹിതം തീനുറുങ്ങെൻറപോലേ
തൂകിത്തൂകിത്തുഹിന കണികാം തൂർന്ന പൂങ്കാവിലൂടെ
സ്തോകോന്മീലൻ നളിനതെളിതേൻ കാളകൂടാംബു കോരി
ത്തേകിത്തേകിപ്പവനനവനെച്ചെൻറു കൊൻറാൻതദാനീം”
—സന്ദർഭവും ആശയവും വ്യക്തമാക്കുക.

28 ലീലാതിലകത്തിൽ പാട്ടിന് നല്കിയിട്ടുള്ള ലക്ഷണമെന്ത് ? ഉദാഹരണം നല്കി വിവരിക്കുക.

29 തിരുനിഴൽമാലയുടെ ഭാഷാപരവും സാഹിത്യപരവുമായ പ്രത്യേകതകളെന്ത് ?

30 അംബരീഷോപാഖ്യാനത്തിൻെറ സാംസ്കാരികവും ഭാഷാപരവുമായ പ്രത്യേകതകളെന്ത് ?

(4 × 2 = 8)

## ഡി വിഭാഗം

ഏതെങ്കിലും രണ്ടെണ്ണത്തിന് നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.

31 ലീലാതിലകത്തിൽ പറയുന്ന മണിപ്രവാള വിഭാഗങ്ങൾ ഏവ ? ഉദാഹരണസഹിതം വിവരിക്കുക.

32 സാഹിത്യപരമായും ഭാഷാചരിത്രപരമായും കണ്ണശ്ശരാമായണത്തിനുള്ള പ്രാധാന്യമെന്ത് ?

33 രംഗകലകളുടെ സാഹിത്യമെന്ന നിലയിൽ രൂപപ്പെട്ട ആദ്യകാല ഗദ്യമാതൃകകൾ അവതരിപ്പിച്ച് പ്രത്യേകതകൾ അനാവരണം ചെയ്യുക.

(2 × 4 = 8)